ഒരാളെയോ ഉംപ്പെടുത്തിയിട്ടുള്ള ഒരു ചെറിയ ബോഡി സെലക്ഷൻ നടത്തണമെന്ന് ഇതു സംബന്ധമായി കൂടിയ കോൺഫറൻസിലെടുത്ത തീരുമാനം പബ്ലിക്ക് സർവ്വീസ് കമ്മീഷന് അയച്ചുകൊടുത്തിരിക്കുകയാണ്. അതിന്റെ മറുപടി കിട്ടിയതിനുശേഷം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ആറാം പഞ്ചവൽസര പദ്ധതിക്കാലത്ത് വ്യവസായങ്ങളിൽ ഉണ്ടായ കേന്ദ്ര മൂലധന മുതൽമുടക്ക്

*113 [115] ശ്രീ. എ. വി. താമരാക്ഷൻ:
,, കെ. കെ. ബാലകൃഷ്ണൻ:
,, എ. സി. ഷൺമുഖദാസ്:
,, സിറിയക് ജോൺ:
,, ടി. പി. പീതാംബരൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറാം പഞ്ചവൽസരപദ്ധതിക്കാലത്ത് കേരളത്തിൽ ചെറുകിട-വൻകിട വ്യവസായങ്ങൾ, പരമ്പരാഗത വ്യവസായങ്ങൾ, നാണ്യവിളകളുടെ ഉൽപ്പാദന മേഖല എന്നിവയിൽ കേന്ദ്ര വിഹിതമായി മൊത്തം എത്ര മൂലധന മുതൽമുടക്കുണ്ടായി;

(ബി) വ്യവസായ മേഖലയിലെത്ര; ഏതെല്ലാം വ്യവസായങ്ങളിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ;

(സി) പരമ്പരാഗത വ്യവസായത്തിൽ മൊത്തം എത്ര;

(ഡി) കയർ വ്യവസായത്തിൽ എത്ര;

(ഇ) കൈത്തറി വ്യവസായത്തിൽ എത്ര?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) 421.3 കോടിരൂപയുടെ മുതൽമുടക്കുണ്ടായി.

(ബി) കയർ, കൈത്തറി, ചെറുകിട, കേന്ദ്ര പൊതുമേഖലാ വ്യവസായങ്ങളിലായി മൊത്തം 421.3 കോടി രൂപ മുതൽമുടക്കുണ്ട്.

	രൂപ
കയർവ്യവസായം	289.82 ലക്ഷം
കൈത്തറി	519.99 ,,
ചെറുകിട	499.60 ,,
കേന്ദ്രപൊതുമേഖല	40822.00 ,,
ആകെ	42131.41 ,,

സ്ഥാപനങ്ങളുടെ വിശദവിവരം ലഭ്യമായിട്ടില്ല.

(സി) പരമ്പരാഗത വ്യവസായത്തിൽ 809.81 ലക്ഷം രൂപ.

(ഡി) കയർവ്യവസായത്തിൽ 289.82 ലക്ഷം രൂപ.

(ഇ) കൈത്തറി വ്യവസായത്തിൽ 519.99 ലക്ഷം രൂപ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. വി. താമരാക്ഷൻ: ഇൻഡ്യയിലെ ജനസംഖ്യയിലെ 4 ശതമാനം കേരളത്തിലാണുള്ളത്. ഇൻഡ്യയിലെ തൊഴിലില്ലായ്മ പരിശോധിച്ചാൽ 11 ശതമാനത്തോളം തൊഴിലില്ലാത്തവർ കേരളത്തിലുണ്ട്. പൊതുമേഖലാസ്ഥാപനങ്ങളിൽ കേന്ദ്രഗവൺമെന്റ് മുതൽമുടക്കുമ്പോഴും തൊഴിലില്ലായ്മയാണ് മാനദണ്ഡമായി എടുക്കാറുള്ളത്. ഇവിടെ അങ്ങനെയാണെങ്കിൽ കേന്ദ്രത്തിന്റെ മുതൽമുടക്ക് 15 ശതമാനം വരേണ്ടതാണ്. എന്നാൽ കേരളത്തിലെ കേന്ദ്രത്തിന്റെ മുതൽമുടക്ക് 1.84 ശതമാനം മാത്രമാണ്. അങ്ങനെ വരാനുള്ള കാരണമെന്താണ്? ഈ സംസ്ഥാനത്തിന്റെ ന്യായമായ അവകാശങ്ങൾക്കുവേണ്ടി ഈ ഗവൺമെന്റിന് എന്തെങ്കിലും ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ?

ശ്രീ. കെ. കരുണാകരൻ: പൊതുമേഖലാസ്ഥാപനങ്ങളിലേക്കുള്ള മുതൽമുടക്ക് കേരളത്തെ സംബന്ധിച്ചിടത്തോളം കുറവാണെന്ന കാര്യം കാലാകാലങ്ങളിൽ സംസ്ഥാനഗവൺമെന്റ് കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതാണ്. അതിന്റെ ഫലമായി അടുത്ത കാലത്തായി ചില മാറ്റങ്ങൾ വന്നിട്ടുണ്ട്. എനിക്ക് കിട്ടിയ വിവരങ്ങൾ വച്ചുകൊണ്ടാണെങ്കിൽ 7-ാം പദ്ധതിയിൽ കേരളത്തിന് 2.7 ശതമാനം നീക്കിവച്ചിട്ടുണ്ട്. ഇത് നേവൽഅക്കാഡമിക്കും എയർഫോഴ്സിനും വേണ്ടി മുടക്കിയിട്ടുള്ള മുതൽമുടക്ക് കൂടാതെയാണ്. എങ്കിലും ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ നമുക്ക് അർഹമായ മുഴുവൻ തുകയും കിട്ടുന്നില്ല. അതിന്റെ കാരണം എന്താണെന്നു വച്ചാൽ 'അൽപ്പം ആശാരിയുടേയും അൽപ്പം പണിയായുധത്തിന്റേയും കുറ്റം' എന്നു പറഞ്ഞതുപോലെ രണ്ടു ഭാഗത്തും ചില പോരായ്മകളുണ്ട് എന്നതാണ്.

ശ്രീ. എ. വി. താമരാക്ഷൻ: കേരളത്തിലെ 5 ലക്ഷത്തോളം വരുന്ന തൊഴിലാളികളെ പ്രതിനിധീകരിക്കുന്ന, കേരളത്തിലെ ഏറ്റവും വലിയ വ്യവസായമായ കയർവ്യവസായത്തിന് 6-ാം പഞ്ചവൽസരപദ്ധതിയിൽ നൽകിയ പണം സംസ്ഥാന ഗവൺമെന്റ് മാച്ചിംഗ് ഗ്രാന്റായി വകയിരുത്താത്തതിന്റെ ഫലമായി ലാപ്സാക്കി എന്ന വസ്തുത നിഷേധിക്കാൻ കഴിയുമോ?

ശ്രീ. കെ. കരുണാകരൻ: ലാപ്സാക്കിയിട്ടില്ല. കാരണം ആ പദ്ധതിയനുസരിച്ച് നമ്മൾ ചെലവ് ചെയ്യുന്നതുകയും തുക അവർ തരുന്നതാണ്. നിർഭാഗ്യവശാൽ സംസ്ഥാനഗവൺമെന്റിന് അതിനാവശ്യമായ പണം പല ഘട്ടങ്ങളിലായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഈ അടുത്തയവസരത്തിൽ കേന്ദ്രമന്ത്രി ശ്രീ ഗനിഖാൻ ചൗധരി ഇവിടെ വന്നപ്പോഴും ഞാൻ ഈ വസ്തുത ചൂണ്ടിക്കാണിച്ചു. കേരളത്തെ സംബന്ധിച്ചിടത്തോളം മറ്റു പല ബാദ്ധ്യതകളും ഏറ്റെടുത്ത സാഹചര്യത്തിൽ കൂടുതൽ സംഖ്യ നിക്ഷേപിക്കാനില്ലാത്തതുകൊണ്ട് കേരളത്തിന് പ്രത്യേക പരിഗണന നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. എ. സി. ഷൺമുഖദാസ്: 1983 മാർച്ച് 31-ലെ കണക്കുകൾ പ്രകാരം 1.93 ശതമാനവും 84 മാർച്ചിലെ കണക്കു പ്രകാരം 1.84 ശതമാനവും കേന്ദ്ര മുതൽമുടക്ക് കേരളത്തിൽ കുറഞ്ഞതായി കാണുന്നു. അതേസമയം മഹാരാഷ്ട്രയിൽ 12.49 ശതമാനം 15.23 ശതമാനമായി വർദ്ധിച്ചു. ആന്ധ്രയിൽ 6.63 ശതമാനം 7.95 ശതമാനമായി വർദ്ധിച്ചു. പശ്ചിമബംഗാളടക്കം പല സംസ്ഥാനങ്ങളിലും മുതൽമുടക്ക് വർദ്ധിച്ചിട്ടുണ്ട്. ഏറ്റവും കൂടുതൽ തൊഴിലില്ലായ്മയുള്ള

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തെ മാത്രം ഇക്കാര്യത്തിൽ അവഗണിക്കാനുള്ള കാരണം എന്താണെന്ന് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ? കേരളത്തിന്റെ ആവശ്യങ്ങൾ കേന്ദ്രത്തിന്റെ മുന്നിൽ ബോദ്ധ്യപ്പെടുത്തുന്ന കാര്യത്തിൽ കേരളം പരാജയപ്പെട്ടുവെന്നല്ലേ ഇതിൽനിന്നും മനസ്സിലാക്കേണ്ടത്?

ശ്രീ. കെ. കരുണാകരൻ: ഇക്കാര്യത്തിൽ നമ്മുടെ സംസ്ഥാനത്തിന് ചില ഡിസ്അഡ്വാന്റേജസുണ്ട്. ഇൻഡ്യയുടെ തെക്കേയറ്റത്തുള്ള ഈ പ്രദേശത്തെ സംബന്ധിച്ചിടത്തോളം ഭൂമിയുടെ വില ഒരു പ്രധാന ഘടകമാണ്. ഇപ്പോഴത്തന്നെ എയർഫോഴ്സിനെ സംബന്ധിച്ചും ഈ പ്രശ്നം ഉണ്ടായിട്ടുണ്ട്. മറ്റ് ഒരു സംസ്ഥാനത്തിലുമില്ലാത്ത വിലയാണ് ഇവിടെ ഭൂമിക്കുള്ളത്. പ്രവർത്തനം ആരംഭിക്കുന്നതിനുമുമ്പ്, അതിന്റെ കെട്ടിടംപണി പൂർത്തിയാകുന്നതിനുമുമ്പുതന്നെ കേന്ദ്ര ഗവൺമെന്റ് അനുവദിച്ചുതരുന്ന ഫ്രീ ട്രെയ്ഡ് സോൺ പരിപൂർണ്ണ സ്തംഭനത്തിലാകുന്നു. ഏതായാലും ഇതിന് പരിഹാരമുണ്ടാക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഭൂമിയുടെ വിലയുടെ കാര്യം പരിശോധിക്കണം. കേന്ദ്രത്തിന്റെ നിക്ഷേപം കേരളത്തിൽ കുറവാണെന്നുള്ളതുകൊണ്ട്, എന്തെല്ലാം പ്രതികൂലസാഹചര്യങ്ങൾ ഉണ്ടായാലും ഈ ന്യൂനത പരിഹരിക്കുന്ന കേരളത്തിന് പരിഗണന നൽകണമെന്ന് സംസ്ഥാന ഗവൺമെന്റ് കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

ശ്രീ. എ. സി. ഷൺമുഖദാസ്: ഇവിടത്തെ ഭൂമിയുടെ വിലയും സമരവുമൊക്കെയാണ് കാരണമെന്ന് മുഖ്യമന്ത്രി പറഞ്ഞു. പാലക്കാട് കോച്ച്ഫാക്ടറി സ്ഥാപിക്കുമെന്ന് കേന്ദ്രം ഉറപ്പു നൽകിയിരുന്നു. പ്രധാനമന്ത്രിയും അങ്ങും ആയിരക്കണക്കിന് ആളുകളെ സാക്ഷിനിർത്തി പാലക്കാട് കോട്ടമൈതാനിയിൽ പ്രസംഗിച്ചതാണ്. അങ്ങനെ സ്ഥാപിക്കുമെന്നു പറഞ്ഞ കോച്ച്ഫാക്ടറി പഞ്ചാബിലേക്ക് പോകാനിടയായ കാരണമെന്താണ്? നേരത്തെ പറഞ്ഞ കാരണംകൊണ്ടാണോ അത് പഞ്ചാബിലേക്ക് കൊണ്ടുപോയത്? അടുത്ത കോച്ച് ഫാക്ടറിയെങ്കിലും കേരളത്തിൽ സ്ഥാപിച്ചുകിട്ടുന്നതിനുവേണ്ട വല്ല ശ്രമവും ഇപ്പോൾ നടത്തുന്നുണ്ടോ?

ശ്രീ. കെ. കരുണാകരൻ: കോച്ച്ഫാക്ടറി പഞ്ചാബിലേക്ക് പോകാനിടയായ സാഹചര്യത്തെക്കുറിച്ച് അറിയാത്ത ഇൻഡ്യക്കാർ ആരും ഉണ്ടെന്ന് ഞാൻ കരുതുന്നില്ല. ഈ സഭയിൽ ഇതൊരു ചോദ്യമായി ഉന്നയിച്ച് ഒരു കുറ്റപത്രം തരികയാണെങ്കിൽ എനിക്ക് ഒന്നും തന്നെ മറുപടി പറയാനില്ല.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: കേന്ദ്രവിഹിതം കേരളത്തിന് കുറഞ്ഞുപോകുന്നതിന്റെ പ്രധാനകാരണം വ്യവസായങ്ങൾക്ക് വേണ്ട പദ്ധതികൾ വേണ്ടത്ര സമർപ്പിക്കാൻ നമുക്ക് കഴിയാതെ പോയതുകൊണ്ടാണെന്നു പറയുന്നതിൽ വല്ല സത്യവുമുണ്ടോ? അങ്ങനെയാണെങ്കിൽ കയർവ്യവസായത്തിനുവേണ്ടി എത്ര കോടി ഉറുപ്പികയുടെ സഹായം ആവശ്യപ്പെട്ടിരുന്നു? കൈത്തറി വ്യവസായത്തിന് എത്രതുക ആവശ്യപ്പെട്ടിരുന്നു? എത്രയാണ് കിട്ടിയതെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. കരുണാകരൻ: സർ, ചോദിക്കുന്നതിന്റെ കുറവല്ലെന്നു ഞാൻ പറഞ്ഞു. നമുക്ക് നമ്മുടേതായ കോൺട്രിബ്യൂഷനിൽ ഉള്ള ബുദ്ധിമുട്ടുകൊണ്ടാണ് ഈ വിഷമം ഉണ്ടായിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: സർ, ആരോമാറ്റിക് കോംപ്ലക്സിന്റെ ഭാഗമായിട്ട് ഓയിൽ റിഫൈനറിയുടെ സമീപത്തുള്ള ബെൻസീൻ യൂണിറ്റിന് അനുവദിച്ച സംഖ്യ തന്നെ ഇപ്പോഴും പൂർണ്ണമായും റിലീസ് ചെയ്തില്ല. അതിൽ വെട്ടിക്കുറവ് വരാൻ പോകുന്നു എന്നു പറയുന്നത് ശരിയാണോ? ആണെങ്കിൽ അത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. കരുണാകരൻ: സർ, അത് ഇപ്പോഴും ഒരു കോൺട്രോവേഴ്സിയിൽ ഇരിക്കുകയാണ്. കേരളത്തിന് തീർച്ചയായും അനുവദിച്ചു കിട്ടണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അത് അവരെ കൺവിൻസ് ചെയ്യിക്കുന്നതിനായുള്ള എല്ലാ സംരംഭവും ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് ഉണ്ടായിട്ടുണ്ട്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു ആശാരിയുടെ കുറവും തടിയുടെ കുറവുമൊക്കെ ഉണ്ടെന്ന്. അതിൽനിന്ന് അർത്ഥമാക്കേണ്ടത് ഈ തൊഴിലാളികളെ സംഘടിക്കുന്നു പ്രബുദ്ധരാകുന്നു എന്നുള്ളതു അപരാധമാണെന്നാണ്. അടിമകളായി നിന്നാലേ കാര്യങ്ങൾ നടക്കൂ എന്നാണെങ്കിൽ ഉത്തർപ്രദേശിലും വലിയ വ്യവസായ വികസനമൊന്നും ഈ പറയുന്നതനുസരിച്ച് ഉണ്ടായിട്ടില്ല. ഇതുപോലെയുള്ള പ്രോജക്ടുകൾ വരുമ്പോൾ, കേന്ദ്രത്തിന്റെ ഏതെങ്കിലുമൊരു വ്യവസായ സ്ഥാപനം വരാൻ തുടങ്ങുമ്പോൾ അതിന്റെ കെട്ടിടംപണിവരെ സ്തംഭിക്കുന്നു എന്നാണ് പറഞ്ഞത്. അങ്ങനെയുള്ള സംരംഭങ്ങൾക്ക് മുൻകൂട്ടി ഉത്തരവാദപ്പെട്ട ഇവിടത്തെ രാഷ്ട്രീയ കക്ഷികളെയും ട്രെയിഡ് യൂണിയനുകളെയും വിളിച്ച് ഇത് നടത്തുന്നതിനുവേണ്ടി ഒരു മുൻകൂട്ടിയുള്ള സംവിധാനമുണ്ടാക്കിക്കൊണ്ട് പോകാൻ ഏർപ്പാടുണ്ടാകുമോ? അത്തരത്തിൽ ആലോചിക്കാത്തതിന്റെ ഫലമായിട്ടല്ലേ ഈ കുഴപ്പങ്ങളൊക്കെ ഉണ്ടാകുന്നത്?

ശ്രീ. കെ. കരുണാകരൻ: സർ, ഓരോ വ്യവസായ സംരംഭവും ആരംഭിക്കുമ്പോൾ എല്ലാ കക്ഷികളെയും വിളിച്ച് ഇതിന്റെ പ്രവർത്തനത്തെക്കുറിച്ച് പറയാൻ പ്രയാസം വരും. നേരെമറിച്ച് വ്യവസായം അനുവദിച്ചുകഴിഞ്ഞാൽ അതിന്റെ പ്രവർത്തനത്തിന്റെ അവസരത്തിൽ ഉണ്ടാകുന്ന വിഷമതകൾ പരിഹരിക്കാൻ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചപോലെ ബന്ധപ്പെട്ട ആളുകളെ വിളിച്ച് സംസാരിച്ച് പരിഹാരം ഉണ്ടാക്കുന്ന നടപടിയാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. ഇ. കെ. നായനാർ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവഗണനയെ സംബന്ധിച്ച് പറഞ്ഞപ്പോൾ കേരളത്തിന്റെ ചില കഴിവുകേടുകൊണ്ടാണെന്നാണ് പറഞ്ഞത്. എന്നാൽ 6-ാം പദ്ധതിക്കുശേഷം 7-ാം പദ്ധതിയിലും നമുക്ക് കോച്ചുഫാക്ടറി ഇല്ലെന്നുള്ളത് ഇവിടെ സമ്മതിച്ചു. റെയിൽവേക്ക് 7-ാം പദ്ധതിയിൽ ആകെ പതിനായിരം രൂപയാണ് ഉള്ളത്. അതുപോലെതന്നെ നമ്മുടെ നാവിക അക്കാഡമിക്ക് നയാപൈസപോലും വച്ചിട്ടില്ല. കേരളത്തിലേക്ക് 9 കോടിരൂപ കയറിനു നീക്കിവെച്ചിരുന്നതിൽ 4.5 കോടിയേ വാങ്ങിയിട്ടുള്ളു. അതും നഷ്ടപ്പെടുത്തി. അപ്പോൾ കേന്ദ്രഗവൺമെന്റിന്റെ അവഗണന ഒരു രോഗത്ത്. കേന്ദ്രം തന്നത് വാങ്ങുന്നില്ല എന്നു മാത്രമല്ല, നമുക്ക് അർഹതപ്പെട്ടത് 3300 കോടി രൂപ, നിങ്ങൾ ആവശ്യപ്പെട്ട 2051 കോടി രൂപയെ നിങ്ങൾക്ക് കിട്ടിയിട്ടുള്ളു. അപ്പോൾ ഇത്രയും അവഗണന

LIBRARY ARCHIVES Kerala Legislative Assembly

നേരിടത്തക്കവിധത്തിൽ ഒരു സംവിധാനമുണ്ടാക്കാനോ ശബ്ദമുയർത്താനോ നമ്മുടെ ഗവൺമെന്റിനു കഴിയുന്നില്ല എന്നുള്ളതു് പരാധീനതയും കഴിവുകേടുമല്ലേ? അല്ലെങ്കിൽ എന്തുകൊണ്ടു് ഇതു് ഒന്നും അംഗീകരിക്കുന്നില്ല?

ശ്രീ. കെ. കരുണാകരൻ: സർ, കേരളത്തെ സംബന്ധിച്ചിടത്തോളം ഈ കാര്യം അവതരിപ്പിക്കേണ്ട അതേ രൂപത്തിൽതന്നെ, ശക്തിയായി അവതരിപ്പിച്ചിട്ടുണ്ടു്. സർ, അതുകൊണ്ടു് 7-ാം പദ്ധതികാലത്തു് ഒരു പരിധിവരെയെങ്കിലും ഈ ന്യൂനതക്കു് പരിഹാരം ഉണ്ടാക്കാൻ സാധിക്കുമെന്നുള്ള പ്രതീക്ഷയാണു് ഗവൺമെന്റിനുള്ളതു്. അതിനു് ആവശ്യമായ എല്ലാ സമ്മർദ്ദങ്ങളും ചെലുത്താൻ ഗവൺമെന്റു് സന്നദ്ധമാണു്.

மாநிலத்தில் தடியடி
(Lathi chargss)

*114 (116) ஸ்ரீ. ஜி. வரதன்: கீழ் காணும் வினாக்களுக்கு முதன் மந்திரி தயை கூர்ந்து விடை நல்குவாரா:

(எ) கடந்த கல்வியாண்டில் மாணவர்கள் மீது தடியடிப் பிரயோகம் எத்தனை;

(பி) அதில் ஏதாவது நீதி விசாரணைக்கு விடப்பட்டுள்ளதா?

ശ്രീ. എ. സി. ഷൺമുഖദാസു്: സർ, ചോദ്യം തമിഴിലാണു്. ഞങ്ങൾക്കാർക്കും വായിക്കാനറിയില്ല. പിന്നെ ഞങ്ങൾ എങ്ങനെയാണു് ചോദിക്കുന്നതു്? അതുകൊണ്ടു് ഇങ്ങനെയുള്ള ചോദ്യങ്ങൾ വരുമ്പോൾ ദയവായി ചോദ്യം പരിഭാഷപ്പെടുത്തിത്തന്നാൽ കൊള്ളാം.

മി. സ്പീക്കർ: അതു് പരിശോധിക്കാം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ചോദ്യം ഇതാണു്. എവിടെയെങ്കിലും വിദ്യാർത്ഥികൾക്കു് എതിരായിട്ടു് ലാത്തിച്ചാർജ് നടന്നിട്ടുണ്ടോ? ഉണ്ടെങ്കിൽ അതുസംബന്ധിച്ചു് ഒരു ജുഡീഷ്യൽ എൻക്വയറി നടത്തിയിട്ടുണ്ടോ എന്നാണു്. തമിഴിൽ ചോദിച്ചാൽ ഒന്നുകിൽ തമിഴിൽ അല്ലെങ്കിൽ ഇംഗ്ലീഷിൽ മറുപടി പറയുക എന്നൊരു വ്യവസ്ഥ തുടർന്നു വരുന്നുണ്ടു്.

(എ) ഒന്നു്.
(ബി) ഇല്ല.

ஸ்ரீ. ஜி. வரதன்: சார், கடந்த கலவியாண்டில் தமிழ் பாடபுத்தகம் கிடைக்காததினால் போராட்டம் செய்த தமிழ் மாணவர்களை போலீஸ்காரர்கள் அடிக்கவும் அரஸ்ட் செய்யவும் செய்தார்கள். பராதி எழுதிக் கொடுத்தால் நடவடிக்கை எடுக்கப்படுமா?

ശ്രീ. ജി. വരദൻ: സർ, മറ്റു് മെമ്പർമാർക്കു് മനസിലാകാൻവേണ്ടി മലയാളത്തിൽ ചോദിക്കാം. തമിഴു് പാഠപുസ്തകങ്ങൾ കിട്ടാത്തതുകൊണ്ടു്, സംസ്ഥാനത്തു് എവിടെയെല്ലാം തമിഴു് സ്കൂളുകളുണ്ടോ അവിടെയെല്ലാം വിദ്യാർത്ഥികൾ സമരം ചെയ്തിട്ടുണ്ടു്. ആ സമരത്തിനു്, എതിരായി പോലീസു് ഗുരുതരമായി അടിച്ചുകൊടുക്കുകയും

LIBRARY ARCHIVES Kerala Legislative Assembly